CEIA/1266/2022-VIG7

I/31172/2024

**തിരുവനന്തപുരം ജലസേചനവും ഭരണവും**

**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

(ഹാജർ - ശിവദാസൻ.എം )

വിഷയം : ജലസേചനം - വിജിലൻസ് - അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ശ്രീ.ശ്രീകുമാർ വി.എസ്, ഓഫീസ് അറ്റൻ്റഡൻ്റിനെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) 01.04.2023 ലെ CEIA/1266/22/VIG7 നമ്പർ കുറ്റപത്രംവും കുറ്റാരോപണ പത്രികയും

2) 29.01.2024 ലെ CEIA/1266/22/VIG7 നമ്പർ ഉത്തരവ്

3) 28.04.2024 ലെ AA/01/2023 നമ്പർ അന്വേഷണ റിപ്പോർട്ട്

4) 29.05.2024 - ലെ CEIA/1266/22/VIG7 നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ഉത്തരവ് നമ്പർ വിജി CEIA /1266 /2022- VIG 7 തീയതി 21-06-2024**

ബാണാസുര സാഗർ പ്രോജക്ട് സബ് ഡിവിഷൻ കാര്യാലയത്തിൽ ഓഫീസ് അറ്റൻ്റഡൻ്റായിരുന്ന ശ്രീ. ശ്രീകുമാർ വി.എസ് 10 വർഷത്തെ ശൂന്യവേതനാവധിക്ക് ശേഷം 19.07.2017 ന് സർവ്വീസിൽ പുനഃപ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു. 1960 കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ശ്രീ.ശ്രീകുമാർ വി.എസ് ന് കുറ്റപത്രവും കുറ്റോരോപണ പത്രികയും നൽകി. ആയത് ടിയാൻ കൈപ്പറ്റുകയും മറുപടിയായി ടിയാൻ, തന്നെ തസ്തികയിൽ നിന്നും നീക്കണമെന്ന് അപേക്ഷയും നൽകി .

തുടർന്ന് പരാമർശം (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചു. പരാമർശം (3) പ്രകാരം ലഭിച്ച അന്വേഷണ റിപ്പോർട്ടിൽ ടിയാൻ ഇപ്പോൾ എറണാകുളത്ത് ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിയിൽ തുടരുകയാണെന്നും ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുവുന്നതനെന്നും റിപ്പോർട്ട് ചെയ്തു. സർക്കാർ സർവ്വീസിലിരിക്കെ വിദേശത്ത് ജോലി ചെയ്യുന്നതിലേയ്ക്കായി ശൂന്യവേതനാവധി എടുക്കുകയും, യഥാസമയം തിരികെ ജോലിയിൽ പ്രവേശിക്കാതിരിക്കുക മാത്രമല്ല തുടർന്ന് അവധി അനുമതി ഇല്ലാതെ കേരളത്തിനകത്ത് സ്വകാര്യ സ്ഥാപനത്തിൽ ജോലിയിൽ തുടരുകയാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. ആയത് ടിയാൻ്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യ വിലോപം ആണ്.

1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം 19.07.2017 മുതൽ ശ്രീ.ശ്രീകുമാർ വി.എസ്-നെ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം അറിയിച്ച കൊണ്ടുള്ള പരാമർശം (5) കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകി.

കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം മറുപടി ലഭ്യമായില്ലെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ സർക്കാർ സർവ്വീസിൽ നിന്നും

I/31172/2024

19.07.2017 മുതൽ താങ്കളെ നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതാണെന്നുള്ള വിവരം നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് ലഭ്യമാക്കിയശേഷം നാളിതുവരെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. ശ്രീകുമാർ വി.എസ്.നെ 19.07.2017 മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്.

ശ്രീശ്രീകുമാർ വി.എസ്,
വട്ടോളി പറമ്പിൽ,
East കൊടുങ്ങല്ലൂർ,
UC College (PO)
Aluva — Ernakulam — 683 102
Ph: 9526015100

പകർപ്പ്:-

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, കണ്ണൂർ
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബാണാസുര സാഗർ പ്രോജക്ട് ഡിവിഷൻ, പടിഞ്ഞാറേത്തറ
3) വിജി 8 സെക്ഷൻ,
4) സീനിയർ സൂപ്രണ്ട്, ബി സെക്ഷൻ
5) എക്സിക്യൂട്ടീവ് എഞ്ചിനീയർ, IT Cell to Publish in Official Website